# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 910 11.06.2014 ൽ മറുപടിയ്ക്ക്

### പട്ടികജാതി വികസന നയം

ചോദ്യം

ശ്രീ. വി.പി. സജീന്ദ്രൻ
" ഐ.സി. ബാലകൃഷ്ണൻ
" എ.പി. അബ്ദുള്ളക്കുട്ടി
" ബെന്നി ബെഹനാൻ

ഉത്തരം

ശ്രീ. എ.പി. അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പട്ടികജാതി വികസന നയത്തിന് കരട് രൂപീകരിച്ചിട്ടുണ്ടോ; | (എ) | പട്ടികജാതി വികസന നയത്തിന്റെ കരട് സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നയത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (ബി) | പട്ടികജാതിക്കാരുടെ പുരോഗതി ലക്ഷ്യമാക്കി നൂതനമായ കർമ്മപരിപാടികൾ ആവിഷ്കരിച്ച്, ആ വിഭാഗത്തിന്റെ പിന്നാക്കാവസ്ഥയും അവശതകളും പരിഹരിക്കുന്നതിനും സർക്കാർ നടപ്പിലാക്കുന്ന വികസന-ക്ഷേമ പദ്ധതികളുടെ പ്രയോജനങ്ങൾ പൂർണ്ണമായും ലഭിക്കുന്നത് ഉറപ്പുവരുത്തുന്നതിനു-മായി കുട്ടികളെയും, അമ്മമാരെയും പ്രായമായവരെയും കേന്ദ്രീകരിച്ചുകൊണ്ട് പട്ടികജാതി വിഭാഗക്കാരുടെ ത്വരിത ഗതിയിലുള്ളതും, സമ്പൂർണ്ണവുമായ വളർച്ചയാണ് ഈ നയത്തിലൂടെ ലക്ഷ്യമാക്കുന്നത്. |
| (സി) | പട്ടിക വിഭാഗ-ക്കാർക്കായുള്ള ക്ഷേമ വികസന പദ്ധതികൾ കാര്യക്ഷമവും ഫല-പ്രദവുമായി നടപ്പാ-ക്കാൻ എന്തെല്ലാം കാര്യങ്ങളാണ് വികസനനയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) | പട്ടികജാതി വിഭാഗക്കാരുടെ പിന്നോക്കാവസ്ഥയും, അവശതകളും പരിഹരിക്കുന്നതിനും, സർക്കാർ നടപ്പിലാക്കുന്ന വികസന ക്ഷേമ പദ്ധതികളുടെ പ്രയോജനം പൂർണ്ണമായും ഈ വിഭാഗത്തിന് ലഭിക്കുന്നതിനും, സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന പട്ടികജാതി ജനവിഭാഗത്തെ ഇതര വിഭാഗങ്ങൾക്കൊപ്പം പുരോഗതിയിലേക്ക് നയിക്കുന്നതിനുമായി വിദ്യാഭ്യാസം, സാമൂഹിക ക്ഷേമം, ആരോഗ്യം, തൊഴിൽ, കലാസാംസ്കാരികം, കായികം, സാഹിത്യം, തദ്ദേശ സ്വയം ഭരണം തുടങ്ങിയ മേഖലകളിൽ പട്ടികജാതി വിഭാഗക്കാർക്ക് മുന്നേറുന്നതിനുള്ള നൂതനമായ കർമ്മ പരിപാടികളും കുട്ടികളുടെയും അമ്മമാരുടെയും പ്രായമായവരുടെയും വിഷയങ്ങൾക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ടുള്ളതുമായ നയ പരിപാടികളാണ് കരട് വികസന നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (ഡി) | പ്രസ്തുത നയത്തിന്റെ അന്തിമരൂപം എന്ന് പുറപ്പെടുവിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ നൽകാമോ ? | (ഡി) | കരട് പട്ടികജാതി വികസന നയം സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത നയം പരമാവധി സമ്പുഷ്ടവും കുറ്റമറ്റതുമാക്കുന്നതിന് ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകൾ, ജനപ്രതിനിധികൾ, മറ്റ് പ്രമുഖ വ്യക്തികൾ തുടങ്ങിയവരുടെ വിലപ്പെട്ട നിർദ്ദേശങ്ങൾ ലഭ്യമാക്കി തുടർ നടപടി സ്വീകരിച്ച് നയത്തിന്റെ അന്തിമ രൂപം അടിയന്തിരമായി പുറപ്പെടുവിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

Sali K.T

സെക്ഷൻ ഓഫീസർ